# നിർഭയ

ജൂൺ/ജൂലൈ 2017
VOL. 1 • ISSUE 2 • PAGES 4 • PUBLISHED FROM KADUTHURUTHY • FOR PRIVATE CIRCULATION ONLY
ഐ.പി.സി. വൈക്കം സെന്റർ സോദരി സമാജം പ്രസിദ്ധീകരണം

# ഭാരതത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പെരുകുന്നു

ഭരണഘടനാപരമായ അവകാശങ്ങളെല്ലാം ഉറപ്പാക്കിക്കൊണ്ട് സ്ത്രീ സുരക്ഷയ്ക്കുവേണ്ടിയുള്ള തീവ്രപരിശ്രമങ്ങൾ നടക്കുന്നു എന്നവകാശപ്പെടുമ്പോഴും സ്ത്രീകൾക്കുമേലുള്ള അതിക്രമങ്ങൾ ഭാരതത്തിൽ പെരുകുകയാണ്. സമീപകാലത്തായി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചപ്പോൾ നിയമങ്ങൾ കർശനമാക്കിയിട്ടും പീഢനസംഭവങ്ങൾക്ക് അറുതിവരുന്നില്ല എന്നതാണ് തൊട്ടടുത്ത ആഴ്ചകളിൽ ഭാരതത്തിലെ മെട്രോപോളീറ്റൻ സിറ്റികളിൽ തന്നെ ഉണ്ടായ ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ. ഭരണകൂടവും മതസാമുദായിക സാംസ്കാരിക ശക്തികളും ഒന്നിച്ചുനിന്ന് സ്ത്രീസുരക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുമ്പോഴാണ് മനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന തരത്തിൽ ഈ കാടത്തം പെരുകുന്നത്. സ്ത്രീകൾക്കു മാത്രമല്ല കുട്ടികൾക്കും സുരക്ഷയില്ലാത്ത സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങുന്നതിൽ ഭാരതത്തിലെ ജനങ്ങൾ അതീവദുഃഖിതരാണ്. പൗരന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകേണ്ട ഭരണകർത്താക്കളുടെ പരാജയമായി ഇതിനെ കാണുമ്പോൾതന്നെ മനുഷ്യൻ മൃഗത്തെക്കാൾ അധഃപതിക്കുന്നതിന്റെ പ്രത്യക്ഷ തെളിവുകളാണ്.

സമൂഹത്തിലും തൊഴിലിടങ്ങളിലും മാത്രമല്ല ഭവനാന്തരീക്ഷത്തിലും സ്ത്രീകളും കുട്ടികളും സുരക്ഷിതരല്ല എന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങുമ്പോൾ അധികാരകേന്ദ്രങ്ങൾ കൂടുതൽ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരിക വൈകാരിക സുരക്ഷയ്ക്ക് ഭരണകൂടമൊരുക്കുന്ന സുരക്ഷയൊക്കെ അപര്യാപ്തമാണെന്ന് വ്യക്തമാകുന്നിടത്ത് സ്വന്തം സുരക്ഷയ്ക്കുവേണ്ടി സ്ത്രീകൾ തന്നെ പുതിയ സുരക്ഷയുടെ താവളങ്ങൾ കണ്ടെത്തേണ്ടതുണ്ടെന്ന സ്ഥിതിയാണിപ്പോൾ. സ്ത്രീയെ ഭവനാന്തരീക്ഷത്തിൽ മാത്രം തളച്ചിട്ട് സ്വതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കാൻ അനുവദിക്കാതിരുന്ന ഭാരതീയ സാംസ്കാരിക പശ്ചാത്തലം പുനർവിചിന്തനം ചെയ്യപ്പെടേണ്ടതാണ്. സാംസ്കാരികവും മാനസികവുമായ അടിമത്തം സ്ത്രീകളെ പ്രതികരണശേഷി കുറഞ്ഞ ആളുകളാക്കിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിനുവേണ്ടി ഭരണകൂടവും സഭയും സമൂഹവുമെല്ലാം ഒന്നിച്ചുനീങ്ങേണ്ട കാലമാണിത്.

ക്രൈസ്തവ ചിന്താധാരയിൽ എക്കാലത്തും സ്ത്രീയെ സ്വാതന്ത്ര്യത്തിന്റെ പുത്തൻ മേഖലകളിലേക്ക് കൈപിടിച്ചു ഉയർത്തുന്നതിന് പ്രോത്സാഹനങ്ങൾ തന്നെയാണ് ഉണ്ടായിരുന്നിട്ടുള്ളത്. അകത്താരമ്മമാരായി കഴിയേണ്ടവരല്ല അവർ. കുടുംബത്തിലും സമൂഹത്തിലും സഭയിലും തുല്യപ്രാധാന്യത്തോടെ പങ്കാളിത്തം അനുവദിച്ചിട്ടുണ്ട്. എന്നാൽ സങ്കുചിത മതവീക്ഷണങ്ങളുടെ സ്വാധീനത്താൽ ചിലയിടത്തെങ്കിലും അടിച്ചമർത്തലുകൾ ഉണ്ടായിട്ടുണ്ട്. സമകാലീന ഭാരതീയ പശ്ചാത്തലത്തിൽ അത്തരം കാഴ്ചപ്പാടുകളെ പിന്തള്ളി ചെറുത്തുനിൽപ്പിനും സുരക്ഷയ്ക്കുംവേണ്ടി സ്ത്രീയെ സജ്ജരാക്കാൻ ഏവർക്കും ബാധ്യതയുണ്ട്.

## കേരളത്തിലും അതിക്രമങ്ങൾ വർദ്ധിച്ചു!

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ 2015നെ അപേക്ഷിച്ച് 2016ൽ കുത്തനെ വർദ്ധിച്ചതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സ്ത്രീകൾക്ക് നേരെയുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 2015ൽ 12,383 കേസുകളാണ് റിപ്പോർട്ട് ചെയ്തതെങ്കിൽ 2016ൽ അത് 14,061 ആയി ഉയർന്നു. ബലാത്സംഗക്കേസുകളിലും പീഡനക്കേസുകളിലും വൻ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞവർഷം 1644 ബലാത്സംഗക്കേസുകളും 4035 പീഡനക്കേസുകളുമാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തത്. സ്ത്രീകൾക്കെതിരെയുള്ള ആക്രമങ്ങൾ സംഭവങ്ങൾ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തത് മലപ്പുറം ജില്ലയിലാണ്. സ്ത്രീ പീഡന ക്കേസുകളുടെ എണ്ണത്തിൽ തിരുവനന്തപുരം ജില്ലയുമാണ് മുന്നിൽ. സംസ്ഥാനത്ത് സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നതായാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. സ്ത്രീകളുടെ സുരക്ഷ ശക്തമാക്കുമെന്ന് സർക്കാർ ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ടെങ്കിലും അതൊന്നും നടപ്പിലാകുന്നില്ലെന്നാണ് കേസുകളുടെ എണ്ണത്തിലുള്ള വർദ്ധനവിലൂടെ മനസിലാകുന്നത്.

## ഡോ: ബാബുജോൺ വേട്ടമലയുടെ പഠന പ്രഭാഷണം



കുറുപ്പന്തറ: ഐ പി സി വൈക്കം സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 20 മുതൽ 21 വരെ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ പഠന പ്രഭാഷണം. പാസ്റ്റർ രാജു ആനിക്കാട് ഉദ്ഘാടനം നിർവ്വഹിക്കും. യേശുവിന്റെ ജീവിതത്തിലെ ബേദ്ലേഹം മുതൽ ഒലിവു മല വരെയുള്ള പ്രധാന സംഭവങ്ങൾ ചരിത്ര രേഖകളുടെ അടിസ്ഥാനത്തിൽ മൂലഭാഷയുടെ പിൻബലത്തിൽ പഠിപ്പിക്കുന്നു. യഹൂദ്യ, പാലസ്തീൻ പശ്ചാത്തല വിശദീകരണങ്ങൾ. ശുശ്രൂഷകൾക്കും ദൈവമക്കൾക്കും പ്രയോജനകരമായ ക്ലാസ്സുകളാണ് ക്രമീകരിച്ചിരിക്കുന്നത്. രാവിലെ പത്ത് മുതൽ വൈകിട്ട് 8.30 വരെ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക – 9446187207

## നിർഭയ പ്രകാശനം ചെയ്തു



സ്ത്രീ ശാക്തീകരണം ലക്ഷ്യം വെച്ചുകൊണ്ട് ഐപിസി വൈക്കം സെന്റർ നിർഭയ എന്ന പത്രികയുടെ പ്രസിദ്ധീകരണം ആരംഭിച്ചു. കടത്തുരുത്തി സെന്റർ ഓഫീസർ 2017 ഏപ്രിൽ 29–ന് നടന്ന സമ്മേളനത്തിൽ പത്രികയുടെ പ്രകാശനം നടന്നു. പാസ്റ്റർ എം.എം. പീറ്റർ, ഐപിസി സോദരീ സമാജം കോട്ടയം സോൺ സെക്രട്ടറി സിസ്റ്റർ അമ്മിണി ദേവസ്യയ്ക്ക് നൽകി നിർവ്വഹിച്ചു. ഓമന രാജു, പൊന്നമ്മ ജോണി, റെയ്ച്ചൽ എം.സി, ബബിത ജോമോൻ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

## ഐപിസി വൈക്കം സെന്റർ സ്വയംതൊഴിലും പരിശീലനകേന്ദ്രവും ആരംഭിക്കുന്നു

കടുത്തുരുത്തി: സ്ത്രീകളുടെ സാമ്പത്തിക പുരോഗതിയും സ്വയം പര്യാപ്തതയും ലക്ഷ്യമാക്കിക്കൊണ്ട് സ്വയംതൊഴിൽ കേന്ദ്രവും തൊഴിൽ പരിശീലനവും ആരംഭിക്കുന്നു. ആദ്യഘട്ടത്തിൽ വസ്ത്രനിർമ്മാണവും തയ്യൽ പരിശീലനവുമാണ് ലക്ഷ്യമിടുന്നത്. വിശ്വാസികൾക്ക് വേണ്ടി പ്രത്യേകം രൂപപ്പെടുത്തുന്ന വസ്ത്രങ്ങളും നിർമ്മിക്കുന്നതാണ്. തൊഴിൽ കേന്ദ്രത്തിലേക്കും തയ്യൽ പഠനത്തിനും ബന്ധപ്പെടുക.

*മാനേജർ, ഐപിസി*
*അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്,*
*കടുത്തുരുത്തി പി.ഓ., പിൻ – 686604*
*(ഫോൺ: 8606831998, 9446187207)*

## സഭയുടെയും നാടിന്റെയും ദുഃഖമായിത്തീർന്ന കെസിയ

(വെസ്ലി പി. ഏബ്രഹാം ആലപ്പുഴ)



ഒരു നാടിനെ തന്നെ കണ്ണീരിലാഴ്ത്തിയ വിയോഗമായിരുന്നു ചാത്തനാട് മുൻസിപ്പൽ ക്വാർട്ടേഴ്സിൽ 23 കാരിയായ കെസിയ രാജുവിന്റേത്. മരണത്തിന്റെ തലേദിവസം വരെ വളരെ ഊർജ്ജസ്വലയായി കണ്ടിരുന്ന സിസ്റ്റർ കെസിയ മരണദിവസം വീട്ടിലെ ജോലികൾ ചെയ്തുകൊണ്ടിരിക്കവേ ശാരീരിക അസ്വസ്ഥ്യം ഉണ്ടാവുകയും, ആശുപത്രിയിലെ പ്രാഥമിക ശുശ്രൂഷകൾക്ക് ശേഷം ഭവനത്തിൽ വരികയും ചെയ്തിരുന്നു. ഉച്ച ആയപ്പോഴേയ്ക്കും നെഞ്ചുവേദന കഠിനമായതിനെ തുടർന്ന് വീണ്ടും ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും ഹൃദയാഘാതംമൂലം മരണമടഞ്ഞു.

ഐ.പി.സി. ആലപ്പുഴ ഡിസ്ട്രിക്ടിൽ ഏബനേസർ ലോക്കൽ സഭാംഗമായിരുന്ന ഈ കൊച്ചു പ്രതിഭ ആത്മീകമായി തന്റെ താലന്തുകൾ വിനിമയം ചെയ്യുന്നതിൽ പ്രാവീണ്യം സിദ്ധിച്ചിരുന്നു. പിവൈപിഎയുടെ ലോക്കൽ–സെന്റർ–സോണൽ–സ്റ്റേറ്റ് തലങ്ങളിൽ നടന്ന താലന്തുപരിശോധനകളിൽ പങ്കെടുത്തു വിജയിയായിട്ടുണ്ട്. മരണത്തിനു ദിനങ്ങൾക്ക് മുന്നമേ സഭാവാർഷികത്തിൽ സ്കിറ്റ് അവതരിപ്പിച്ച് എല്ലാവരുടെയും പ്രശംസയും ഈ മിടുക്കി നേടി. സഭയുടെ പി. വൈ. പി. എ. യുടെ വൈസ് പ്രസിഡന്റ് എന്ന നിലയിലും കെസിയ പ്രവർത്തിച്ചിരുന്നു.

സംസ്കാരം ഐ.പി. സി. ആലപ്പുഴ ഏബൻ–ഏസർ സെമിത്തേരിയിൽ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഏബ്രഹാം ജോർജ്ജിന്റെ നേതൃത്വത്തിൽ നടന്നു.

## മുഴുവൻ വിഷയങ്ങൾക്കും എ-പ്ലസ്



കുന്നംകുളം: ഐ.പി.സി കർമ്മേൽ മരത്തംകോട് (കുന്നംകുളം സെന്റർ) സഭാംഗവും ഡോ. സാജൻ സി. ജേക്കബിന്റെ മകളുമായ ഷെൽമ സി. സാജൻ, +2 പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും 97.3% മാർക്കോട് കൂടെ എ + നേടി. കഴിഞ്ഞ യുവജനോൽസവത്തിൽ മൈമിനും ഇംഗ്ലീഷ് സ്കിറ്റിനും ഉപജില്ല ഒന്നാം സ്ഥാനവും സംസ്ഥാന യുവജനോൽസവത്തിൽ എ ഗ്രേഡ് ഉൾപ്പെടെ മൂന്നാംസ്ഥാനവും നേടുകയുണ്ടായി. ഐ.പി.സി സൺഡേസ്കൂൾ അസോസിയേഷന്റെ അവസാനമായി നടന്ന സ്കിറ്റ് മൽസരത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.

## ക്യൂബയിൽ ഭിന്നലിംഗക്കാർ പാസ്റ്റർമാരായി



ക്യൂബ: ബ്രസിൽ, കാനഡ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള സിൻഡി ബോർഗിയസ്, അലക്സ്സ, സ്മാവഡോർ, റോബിൻസൺ എന്നിവർ ക്യൂബയിൽ പാസ്റ്റർമാരായി പള്ളിയിൽ ശുശ്രൂഷ ചെയ്തു. ക്യൂബയിലെ മറ്റൻസാസിലെ റെയിൻബോ ചാപ്പലിലാണ് ഇവർ പാസ്റ്ററൽ ശുശ്രൂഷ നടത്തിയത്. ഭിന്നലിംഗവ്യക്തിത്തവും ദൈവശാസ്ത്രവും എന്ന പേരിൽ ക്യൂബയിലെ മറ്റൻസാസ് ചർച്ചിന്റെ ബ്രാഞ്ചായ ഇന്റർനാഷണൽ മെട്രോപൊളിറ്റൻ കമ്മ്യൂണിറ്റി ചർച്ചിൽ നടന്ന മൂന്ന് ദിവസത്തെ കോൺഫറൻസിൽ ആണ് ഇവർ പങ്കെടുത്തുത്.

എഡിറ്റോറിയൽ

# സഹോദരിമാരും സുവിശേഷീകരണവും

സഹോദരിമാർ സുവിശേഷീകരണ പ്രക്രിയയിൽ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുവാൻ ഇക്കാലങ്ങളിൽ ഏറെ ഉത്സാഹിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ ഭവനങ്ങളിലെ വിവിധ ഉത്തരവാദിത്തങ്ങൾ നിറവേറ്റുമ്പോൾ തന്നെ ദൈവരാജ്യത്തിനുവേണ്ടി അധ്വാനിക്കേണ്ടതല്ലേ?

ക്രിസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നു എന്ന ശക്തവും കാതലായ ക്രിസ്തീയ സന്ദേശവും ആയി ശിഷ്യന്മാരുടെ അടുക്കലേക്ക് ഓടിപ്പോയ മഗ്ദലമറിയയെപ്പറ്റി നാം പ്രസംഗിക്കുന്നുവെങ്കിലും അവളുടെ പ്രവർത്തി ഏറ്റെടുത്ത് ചെയ്യാൻ പലപ്പോഴും വിമുഖതകാട്ടിയിരിക്കുന്ന അനുഭവത്തിൽ നിന്നു നാം പുറത്തുവരേണ്ട സമയം അതിക്രമിച്ചുകഴിഞ്ഞു. സുവിശേഷീകരണത്തിൽ ശക്തമായ പങ്കാളിത്തം സഹോദരിമാർക്കുണ്ട്.

ശമരിയാക്കാരിയായ സ്ത്രീ നിമിത്തം ആ പട്ടണം മുഴുവൻ സുവിശേഷീകരിക്കപ്പെട്ടു. സഹോദരിമാർക്ക് സഹോദരന്മാരെക്കാൾ ഫലപ്രദമായ ഭവനസന്ദർശനം നടത്തുവാൻ കഴിയും. പ്രവർത്തിക്കുന്നവൻ കർത്താവാകയാൽ ബാക്കിക്കാര്യങ്ങൾ കർത്താവ് ചെയ്യും. ലോകം മുഴുവൻ നമ്മുടെ വയൽ പ്രദേശമാണ്. തമ്മിൽ തമ്മിൽ നോക്കിനിൽക്കാനോ പോരടിച്ചുനിൽക്കാനോ കുറ്റംപറഞ്ഞ് കൃപ നഷ്ടപ്പെടുത്തുവാനോ ഇനി സമയമില്ല. വയൽ വിശാലം, വേലയും അധികം. ഒന്നോ രണ്ടോ പേർ വിചാരിച്ചാൽ കൊയ്ത് തീർക്കാൻ പറ്റില്ല. വിളഞ്ഞു കിടക്കുന്ന വയലുകളിലേക്ക് സഹോദരിമാർ സുവിശേഷവുമായി ഇറങ്ങാൻ നമുക്ക് പ്രാർത്ഥിക്കാം.



**വിളഞ്ഞുകിടക്കുന്ന വയലുകളിലേക്ക് സഹോദരിമാർ സുവിശേഷവുമായി ഇറങ്ങാൻ നമുക്ക് പ്രാർത്ഥിക്കാം.**

നമ്മുടെ ജീവിതത്തിലെ നിമിഷങ്ങളെ ചിലവഴിക്കാം. യേശുവിന്റെ സന്ദേശവാഹകരായി നമുക്ക് മുന്നേറാം. പൗലൊസ് പറയുന്നു, സുവിശേഷം അറിയിക്കുന്നതിൽ എനിക്ക് ലജ്ജയില്ല. ലജ്ജയില്ലാതെ പരസ്യസ്ഥലങ്ങളിലേക്ക്, തെരുക്കോണുകളിലേക്ക്, ഭവനങ്ങളിലേക്ക് സുവിശേഷപ്രതികളുമായി കടന്നുചെല്ലാം. കാര്യം തീർക്കുന്നനാളിൽ കരങ്ങൾ ബലപ്പെട്ടിരിക്കണമെങ്കിൽ മടിച്ചും മടുത്തും ഇരിക്കാതെ യേശുവിനുവേണ്ടി പുറപ്പെടാം. ദൈവസഭകളിൽ ആത്മാക്കൾ നിറയട്ടെ. കുടുംബങ്ങൾ വിടുവിക്കപ്പെടട്ടെ. ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി നമുക്ക് അധ്വാനിക്കാം. സുവിശേഷീകരണത്തിൽ പങ്കാളികളാകാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## മാസയോഗം

വൈക്കം: ഐ.പി.സി. വൈക്കം സെന്ററിന്റെ മാസയോഗം ജൂൺ 16ന് എഴുമാംതുരുത്ത് സഭയിൽ വെച്ച് നടക്കും. സുവി. മാമ്മൻ ചെമ്പകശ്ശേരി മുഖ്യാതിഥി ആയിരിക്കും. പാസ്റ്റർ ജോമോൻ മാത്യു ഇവിടെ ശുശ്രൂഷിക്കുന്നു.

## പ്രാർത്ഥനാ സംഗമം

2017 ഡിസംബർ 6 മുതൽ 10 വരെ കോട്ടയത്ത് നടക്കുന്ന ഐപിസി സ്റ്റേറ്റ് കൺവൻഷനു വേണ്ടിയുള്ള പ്രാർത്ഥനാ സംഗമം ജൂലൈ 5 ബുധൻ പത്ത് മണിക്ക് വൈക്കം സെന്ററിൽ, കുറുപ്പന്തറ ഇരവിമംഗലം പെനിയേൽ നാളിൽ വെച്ച് നടക്കും.

## ഉപവാസ പ്രാർത്ഥന

ഐപിസി വൈക്കം സെന്ററിന്റെ ത്രിദിന ഉപവാസ പ്രാർത്ഥന ജൂൺ 30 മുതൽ ജൂലൈ 1 വരെ യഥാക്രമം, കാണക്കാരി, ഇരവിമംഗലം, ആപ്പാൻചിറ, എന്നിവടങ്ങളിലെ സഭകളിൽ വെച്ച് നടക്കും. രാവിലെ പത്തു മുതൽ വൈകിട്ട് എട്ടരവരെയുള്ള യോഗങ്ങളിൽ കൃപാവരം പ്രാപ്തരായ ദൈവദാസന്മാർ ശുശ്രൂഷിക്കും.

## സുവിശേഷപ്രചാരണ പ്രവർത്തനം

കാണക്കാരി ഐപിസി വൈക്കം സെന്റർ സോദരീസമാജത്തിന്റെയും ഇവാഞ്ചലിസം ബോർഡിന്റെയും സുവിശേഷപ്രചാരണ പ്രവർത്തനം ജൂൺ പതിനാലിന് നടന്നു. സുവിശേഷപ്രതികളുടെ വിതരണം, ഭവനസന്ദർശനം, പരസ്യയോഗം എന്നിവ നടന്നു.

## അപകടത്തിൽ പരിക്ക്

ഐപിസി മുണ്ടാർ സഭാംഗവും സുവിശേഷപ്രവർത്തകയുമായ പാലയ്ക്കത്തറ അന്നമ്മ ഡേവിഡ് (ചിന്നമ്മ) ഡേവിഡിന് ജൂൺ 14 ബുധനാഴ്ച എറണാകുളത്തുവെച്ച് ബൈക്കപകടത്തിൽ പരിക്കേറ്റു. കൈക്കും തലയ്ക്കും മുറിവേറ്റു. എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ പ്രാഥമിക ചികിസ്തയ്ക്കുശേഷം ഇപ്പോൾ ഭവനത്തിൽ വിശ്രമിക്കുന്നു. എറണാകുളത്ത് ഒരു ശുശ്രൂഷയ്ക്കുവേണ്ടി പോകുമ്പോൾ ബൈക്ക് വന്ന് തട്ടുകയായിരുന്നു. പരിക്ക് ഗുരുതരമല്ല. ദൈവജനം പ്രാർഥിക്കുക.

## പ്രാർത്ഥനയ്ക്ക്

ഐപിസി വൈക്കം സെന്റർ മുൻസെക്രട്ടറി പാസ്റ്റർ എം. എം. എബനേസർ വാഹനാപകടത്തെ തുടർന്ന് മൂന്ന് മാസത്തോളം ചികിസ്തയിലായിരുന്നു. ഇപ്പോൾ ശുശ്രൂഷകളിൽ വ്യാപൃതനായിത്തുടങ്ങി. ഇരവിമംഗലം പെനിയേൽ സഭാശുശ്രൂഷകനായ പാസ്റ്ററുടെ പൂർണ്ണസൗഖ്യത്തിനായി ദൈവജനം പ്രാർത്ഥിക്കുക.





സിമി ഷിജോ

# യൗവ്വനക്കാരുടെ ആത്മഹത്യയും ചില വസ്തുതകളും

യൗവ്വനക്കാരുടെ ഇടയിലെ ആത്മഹത്യ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന കാലഘട്ടമാണിത്. ബാല്യകൗമാര ചാപല്യങ്ങളോട് വിടപറഞ്ഞ് ഗൗരവവും പക്വതയും ആർജ്ജിക്കുന്ന കാലയളവാണ് യൗവ്വനം. എന്നാൽ അതിജീവനത്തിന്റെ കരുത്തിനപ്പുറം പകച്ചുനിൽക്കുന്ന യൗവ്വനക്കാരുടെ ചിത്രം കഴിഞ്ഞ ദിനങ്ങളിലെ വാർത്തകളിൽ നിറഞ്ഞുനിന്നത് നാം കണ്ടു. നാളെയുടെ സ്വപ്നങ്ങളെ കാറ്റിൽപറത്തി, മാതാപിതാക്കൾക്ക് എന്നേക്കും വേദനയുടെ ഒരുപിടി ഓർമ്മകൾ മാത്രം ബാക്കി നൽകി, അവർ വിട പറഞ്ഞപ്പോൾ നാമെല്ലാവരും ഒരുപോലെ ഞെട്ടിതരിച്ചില്ലേ? ആരോടും പങ്കുവയ്ക്കാതെ അവർ ഉള്ളിലൊതുക്കിയ വേദനയും മനോവിഷമങ്ങളും എത്ര ആഴമേറിയവ ആയിരുന്നിട്ടാവാം അവർ ഇങ്ങനെ ഒരു കൃത്യം ചെയ്തത് നാം ഉൾപ്പെടുന്ന സമൂഹം വെറും പിള്ളേരായി കണക്കാക്കുന്ന യൗവ്വനക്കാർ നമ്മുടെ നാടിന്റെ നാളെയുടെ വാഗ്ദാനങ്ങളാണെന്ന് വിസ്മരിക്കരുത്. കുടുംബസദസ്സുകളിൽപോലും കാര്യഗൗരവമില്ലാത്തവരായി അവഗണിക്കപ്പെടുംപോൾ ചുറ്റുപാടിനെ വിറങ്ങലിപ്പിക്കുന്ന തീരുമാനങ്ങളിലേക്ക് അവർ ചുവടുവയ്കുന്നു. ഇന്നത്തെ അണുകുടുംബ വ്യവസ്ഥിതികൾ ഇതിന്റെ മൂലകാരണങ്ങളിലൊന്നാണ്. മാതാപിതാക്കൾ ജീവിത സന്ധാരണത്തിനായി നെട്ടോട്ടമോടുന്നവരാണ്. അവരുടെ തിരക്കിൽ കുട്ടികൾ പലപ്പോഴും ഒറ്റപ്പെട്ടുപോകുന്നു. ബന്ധുജനങ്ങൾ വർഷത്തിലൊരിക്കലെത്തുന്ന അപരിചിത സന്ദർശകരാകുന്നു. ജിജ്ഞാസ നിറഞ്ഞ ചോദ്യം ചെയ്യലുകൾ പലപ്പോഴും മാതാപിതാക്കളുടെ ശകാരത്തിനർഹരായ് തീർക്കുന്നു. ഉള്ളിലെ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുവാൻ കഴിയാതെ, ഹൃദയ വികാരങ്ങളെ പങ്കുവയ്കുവാൻ ഒരു സുരക്ഷിത സുഹൃദ് വലയം ബന്ധുജനങ്ങളിൽ നിന്നും ലഭിക്കാതെ അവർ അവരിലേക്കു തന്നെ ഉൾവലിഞ്ഞ്, തന്നത്താൻ അടക്കിയവരായി ജീവിക്കുന്നു. അതുകൊണ്ടാണല്ലോ ആത്മഹത്യ ചെയ്ത ഭൂരിഭാഗം പേരുടേയും മാതാപിതാക്കൾക്കോ, ബന്ധുജനങ്ങൾക്കോ എന്തിന് സുഹൃത്തുക്കൾക്കോ പോലും അവരെന്തിനിങ്ങനെ ചെയ്തു എന്നതിന് ഉത്തരമില്ലാത്തത്. എന്നാൽ കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ ഏതു വിഷയവും ശങ്കകൂടാതെ പങ്കുവയ് ക്കാനവസരം സുലഭമായിരുന്നു. ഇന്നതൊക്കെ അന്യമാണ്. ഒറ്റപ്പെടലിനെ അതിജീവിയ്ക്കുവാനാശ്രയിക്കുന്ന പലതും പരാജയമാണെന്നറിയുംപോൾ നിരാശയിൽ പകച്ചുപോവുന്നു. ഇങ്ങനെയുള്ളവർ സങ്കീർണ്ണ സാഹചര്യങ്ങളിൽ പതറിപ്പോയതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ. മാതാപിതാക്കളേ ആധുനികവൽക്കരണത്തിനു വേണ്ടി നാം വിലകുറഞ്ഞതായി കരുതിയ, തിരക്കിന്റെ പേരിൽ അവഗണിച്ചതു പലതും തീരാനഷ്ടങ്ങളല്ലേ സമ്മാനിച്ചത്. ആത്മഹത്യയേകുറിച്ചുള്ള പഠനങ്ങളിൻ പ്രകാരം 10% പേർ മാത്രമാണ് മരണപ്പെടുന്നത്. ഇതിൽ പരാജിതരായവരുടെ ഇടയിൽ കൗൺസിലിംഗ് നടത്തിയപ്പോൾ കൂടുതൽ പേരും പറഞ്ഞ മറുപടി, പ്രതിസന്ധിയിൽ കൂടെ നിൽക്കുവാൻ ആരും ഉണ്ടായിരുന്നില്ല. തനിച്ചായിപ്പോയപ്പോൾ ഇനി മറ്റൊരു മാർഗ്ഗവുമില്ലാത്തതിനാലാണ് ആത്മഹത്യ തിരഞ്ഞെടുത്തത്. പൊലിഞ്ഞുപോയവർക്കും ഇതു തന്നെയാവാം പറയുവാനുള്ളത്. പ്രതിസന്ധികൾ എല്ലാവരുടേയും ജീവിതത്തിൽ കടന്നുവരും. എന്നാൽ ഒപ്പം നിൽക്കുവാൻ ചിലരുണ്ടാകുന്നതാണ് അതിനെ തരണം ചെയ്യുവാനുള്ള കരുത്ത്. തെറ്റുകൾ മനുഷ്യസഹജമാണ്. കുറ്റപ്പെടുത്തുന്നതിലുപരി ഒറ്റപ്പെടുത്താതിരുന്നാൽ നഷ്ടങ്ങളുടെ നീർചുഴി താണ്ടേണ്ടി വരില്ല.

നാം സുരക്ഷിതരാണെന്നാശ്വസിക്കുന്നതിലുപരി, വേദനയാൽ ഞരങ്ങുന്നവർക്ക് ഒരിറ്റാശ്വാസം പകരുവാൻ, ജീവിതയാത്രയിൽ ആശയറ്റവർക്കായി പ്രത്യാശയുടെ തിരിനാളമേന്താൻ എന്തേ മടിച്ചുനിൽക്കുന്നു? യേശുക്രിസ്തു മനുഷ്യനിൽ തെറ്റുകൾ കണ്ടിട്ടും അവനെ ഒറ്റപ്പെടുത്താതെ സ്നേഹിക്കയും തെറ്റിനേക്കുറിച്ചുള്ള അവബോധം നൽകി, ശരിയായ പാതയിൽ ജീവിതം നയിക്കുവാൻ പ്രാപ്തി നൽകുകയും ചെയ്യുന്നു. യേശുവിന്റെ ഈ കരുതലിനെ ആശയറ്റവർക്കായി പങ്കുവയ്കുവാൻ നാം ബാധ്യസ്ഥരാണ്. യേശു നമ്മെ ഭരമേൽപിച്ച പ്രത്യാശയുടെ ദൗത്യം നാം മറന്നു പോകരുത്.

# ഭാര്യമാർ അറിയാൻ



ഷീലാ ദാസ്, കീഴൂർ

വേദപുസ്തകത്തിൽ പേരു പറയുന്നതും ഇല്ലാത്തതുമായ അനേക ഭാര്യമാരെ നാം കാണുന്നു. അതിൽ ഒരാളാണു പീലാത്തോസിന്റെ ഭാര്യ. ചരിത്രത്തിൽ നിന്നും ഗ്രഹിക്കുന്നത് ആ സ്ത്രീയുടെ പേരു ക്ലൗദിയ എന്നത്രേ. ആ സ്ത്രീയെക്കുറിച്ച് വേദപുസ്തകത്തിൽ ഒരു വാക്യം മാത്രം നാം കാണുന്നു. അവളുടെ പ്രത്യേകതകൾ നാം ചിന്തിക്കാം.

ഒന്നാമതായി അവൾ ഒരു നാടുവാഴിയുടെ ഭാര്യയാണ്. ഉന്നതന്മാരുടെ ഭാര്യമാർ സാധാരണ നിലയിൽ അവരുടെ സ്ഥാനം സൂക്ഷിക്കുന്നവരും അതിനനുസരിച്ച് പ്രവർത്തിക്കുന്നവരും ആയിരിക്കും. ഈ സ്ത്രീ എങ്ങനെയാണെന്ന്നമുക്കറിയില്ല എങ്കിലും സ്ഥാനത്തെ വിലയേറിയതായി കണ്ടെങ്കിൽ അവൾ യേശുവിനുവേണ്ടി സംസാരിക്കില്ലായിരുന്നു.നാം എത്ര ഉന്നത സ്ഥാനം വഹിക്കുന്നയാൾ ആണെങ്കിലും നീ യേശുവിനു വേണ്ടി അൽപ്പം സമയം ജീവിതത്തിൽ മാറ്റിവെയ്ക്കണം. കാരണം നമ്മുടെ സ്ഥാനത്തേക്കാൾ വലുതാണു നമുക്കു വേണ്ടി ജീവൻ തന്ന യേശു എന്ന തിരിച്ചറിവ് ഉണ്ടാകട്ടെ.

രണ്ടാമതായി അവൾക്ക് ദൈവപുത്രനെക്കുറിച്ചുള്ള വെളിപ്പാട് ലഭിച്ചു. അത് അവൾ മൂടി വെയ്ക്കാതിരുന്നു. ഇന്ന് ദൈവത്തെക്കുറിച്ചുള്ള വെളിപ്പാട് പ്രാപിച്ച അനേകർ ഉണ്ടെങ്കിലും സമൂഹത്തെ ഭയന്ന് മൗനമായിരിക്കുന്നു. ഭർത്താവിനു ലഭിക്കാത്ത ഒരു വെളിപ്പാട് ദൈവം നിങ്ങൾക്ക് തന്നെങ്കിൽ നിങ്ങൾ അത് ഭർത്താവിനോട് പറയണം. ഭർത്താവിനു വരാൻ പോകുന്ന അനർത്ഥം മുൻപിൽ കണ്ടുകൊണ്ട് അതിൽ നിന്നും വിടുതൽ ലഭിക്കാൻ ആഗ്രഹിച്ച സ്ത്രീയാണു അവർ. ഭാര്യ എന്ന നിലയിൽ നാം നമ്മുടെ വീടിനെക്കുറിച്ച് ഇടിവിൽ നിൽക്കാൻ തയ്യാറാകണം.

**ഭർത്താവിനു ലഭിക്കാത്ത ഒരു വെളിപ്പാട് ദൈവം നിങ്ങൾക്ക് തന്നെങ്കിൽ നിങ്ങൾ അത് ഭർത്താവിനോട് പറയണം.**

മൂന്നാമതായി അവൾ തനിക്കുള്ള അധികാരം ഉപയോഗിച്ച് പീലാത്തോസിനെ വിവരം അറിയിച്ചു. ഭർത്താവിന്റെ കോപത്തെയോ സ്ഥാനത്തിന്റെ വലിപ്പമോ നോക്കാതെ അവൾ തന്റെ അധികാരം ഉപയോഗിച്ചു. നാമും നമ്മുടെ കുടുംബങ്ങളിൽ ഉത്തമഭാര്യമാരായിരിക്കണ്ടേതിനു ശ്രമിക്കാം. ദൈവം സഹായിക്കട്ടെ.

അമ്മമാരറിയാൻ

ദൈവം നമ്മുടെ പ്രാർത്ഥന കേട്ട് നമ്മുടെ തലമുറയെ തീർച്ചയായും രക്ഷിക്കും. യഹോവഭക്തൻ ദൃഢധൈര്യം ഉണ്ട്. അവന്റെ മക്കൾക്കും ശരണം ഉണ്ടാകും

# നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ



സിന്ധു ഗിരിജൻ

മാനവ വർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി തന്റെ ജീവൻ യാഗമർപ്പിക്കുവാനായി കാൽവരി ലക്ഷ്യമാക്കി ക്രൂശും വഹിച്ച്, നിന്ദയും അപമാനവും, വേദനയും സഹിച്ച് മുമ്പോട്ട് നടന്നുനീങ്ങുന്ന യേശു കർത്താവ് തന്നെച്ചൊല്ലി വിലപിക്കുന്ന ഒരു പറ്റം സഹോദരിമാരെ നോക്കിക്കൊണ്ട് അരുളിചെയ്ത വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും ഈ വാക്കുകളുടെ പ്രാധാന്യം അധികം വർദ്ധിച്ചതല്ലാതെ കുറഞ്ഞിട്ടില്ല.

ദൈവഭയം നഷ്ടപ്പെട്ട, മാതാപിതാക്കന്മാരോടുള്ള സ്നേഹവും, ബഹുമാനവും നഷ്ടപ്പെട്ട സ്വാർത്ഥത കൈമുതലാക്കി സൂക്ഷിക്കുന്ന ഒരുപറ്റം തലമുറകളെ നമ്മുടെ സമൂഹത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്നു. 2017 ഏപ്രിൽ 11 ന് തിരുവനന്തപുരത്തി സ്വന്തം മാതാപിതാക്കന്മാരെയും സഹോദരിയെയും ആന്റിയെയും മൃഗീയമായ നിലയിൽ കൊലപ്പെടുത്തിയ കാഡൽ ജിൻസൻ രാജ എന്ന യുവാവിനെക്കുറിച്ചുള്ള വാർത്ത കേരളജനത ഞെട്ടലോടെയാണ് കേട്ടതും, കണ്ടതും. ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ടവനയിട്ടും ദൈവഭയമില്ലാതെ ജീവിച്ചതിനാൽ സംഭവിച്ച വൻ ദുരന്തമായിരുന്നു അതെന്ന് അ്നത്തെ ശവസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു മടങ്ങിവന്ന ഒരു സഹോദരൻ ഞങ്ങളോട് പറഞ്ഞത് ഈ സമയത്ത് ഞാൻ ഓർക്കുകയാണ്.

സാംസ്കാരിക കേരളത്തിൽ, ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ഇത് ഒരു ഒറ്റപ്പെട്ട സംഭവമായി തള്ളിക്കളയുവാനാവില്ല. സ്വന്തം സുഖത്തിനും സന്തോഷത്തിനും വേണ്ടി എന്തും ചെയ്യുവാൻ മടിയില്ലാത്ത ഒരു തലമുറ വർദ്ധിച്ചു വരുമ്പോൾ അമ്മമാരെ നാം ഉണരേണഅട സമയമായി, കരയേണ്ട സമയമായി. കാരണം പ്രതിയോഗിയായ പിശാച് ആരെ വിഴുങ്ങേണ്ടൂ എന്ന് തിരഞ്ഞു ചുറ്റി നടക്കുമ്പോൾ നമുക്ക് ചെയ്യുവാൻ സാധിക്കുന്നത് അവർക്കുവേണ്ടി, നശിച്ചുപോകുന്ന തലമുറകൾക്കുവേണ്ടി ദൈവത്തോട് അപേക്ഷിക്കുവാൻ മാത്രമത്രേ കരയുവാൻ മാത്രമത്രേ. എങ്കിൽ എന്തു കൊണ്ട് നാം കരയേണം?

1. ശത്രുവായ പിശാച് നമ്മുടെ തലമുറകളെ അടിമകളായി പിടിച്ചു കൊണ്ടു പോകാതിരിപ്പാൻ നാം അവർക്കായി കരയണം.

2 രാജാ 4:1-7 വരെയുള്ള വാക്യങ്ങളിൽ പ്രവാചകശിഷ്യന്മാരുടെ ഭാര്യമാരിൽ ഒരുത്തി ഏലീശയോട് നിലവിളിക്കുന്നതായി നമുക്ക് കാണുവാൻ സാധിക്കുന്നു. അവളുടെ പ്രശ്നം കടക്കാരൻ അവളുടെ രണ്ട് മക്കളെയും അടിമകളാക്കി പിടിച്ചു കൊണ്ടുപോകുവാൻ വന്നിരിക്കുന്നു എന്നതത്രെ. കടം വീട്ടുവാനായി അവർ പല പോംവഴികളും നോക്കിക്കാണും. അവളുടെ വീട്ടിലുള്ളവ എന്തെങ്കിലും വിറ്റ് കടം വീട്ടുവാൻ സാധിക്കുമോ എന്ന് ചിന്തിച്ചു കാണും. പക്ഷേ ഒന്നുകൊണ്ടും നടക്കില്ല എന്നവൾക്ക് മനസ്സിലായി. അവളുടെ മുമ്പിൽ എല്ലാ വഴികളും അടഞ്ഞു. അവർക്കു ഒന്നു ബോധ്യമായി ഇത്തരുണത്തിൽ തന്നെ സഹായിക്കുവാൻ സാധിക്കുന്നത് ഒരേഒരാൾക്കു മാത്രമാണ്. അവൾ വേഗം അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. പ്രവാചകനോട് അവൾ തന്റെ ആവശ്യം നിലവിളിയോടെ അപേക്ഷിച്ചു. പ്രവാചകൻ അവളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം നൽകി അവളെ സമാധാനത്തോടെ മടക്കി അയച്ചു.

പ്രിയ അമ്മമാരെ, നമ്മുടെ തലമുറകളെ അധർമ്മത്തിന്റെ അടിമകായി (റോമർ 6:19), നാശത്തിന്റെ അടിമകളായി (2 പത്രൊസ് 2:14) പാപത്തിന്റെ അടിമകളായി (റോമർ 6:6) പിടിച്ചു കൊണ്ടുപോകുവാൻ ശ്രമിക്കുന്ന പിശാചാകുന്ന കടക്കാരന്റെ കൈയ്യിൽ നിന്നും അവരെ വിടുവിക്കണമെങ്കിൽ അമ്മമാരായ നാം ദൈവത്തോട് നിലവിളിച്ചേ മതിയാകൂ. ദൈവം നമ്മുടെ പ്രാർത്ഥന കേട്ട് നമ്മുടെ തലമുറയെ തീർച്ചയായും രക്ഷിക്കും. യഹോവഭക്തൻ ദൃഢധൈര്യം ഉണ്ട്. അവന്റെ മക്കൾക്കും ശരണം ഉണ്ടാകും (സദൃശ 14:26).

ഇന്ന് നിങ്ങൾ നിങ്ങളുടെ തലമുറയെ ഓർത്ത് ദുഃഖിക്കുകയാണോ? അവരുടെ ആത്മീയ അധപതനം കണ്ട് വിലപിക്കുകയാണോ? കണ്ണുനീർ കാണുമ്പോൾ മനസ്സലിയുന്ന കർത്താവ് നിങ്ങളുടെ വിലാപത്തെ നൃത്തമാക്കിത്തീർക്കും. ആകയാൽ കർത്താവിന്റെ ആഹ്വാനം നമുക്കനുസരിക്കാം. ദൈവം നമ്മെ അതിനായി സഹായിക്കട്ടെ.

## എല്ലാ വിഷയങ്ങൾക്കും എ-പ്ലസ്



2017-ലെ +2 (സയൻസ്) എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് നേടിയ ദിൽജിത്ത് എം. ജോസഫ്., ഐപിസി ഹെബ്രോൻ ചർച്ച്, കോതനല്ലൂർ സഭാംഗമായ മണ്ണനാംതുണ്ടത്തിൽ, ജോസഫ് എം. പി. യുടേയും, കുഞ്ഞുമോൾ ജോസഫിന്റെയും മകനാണ്.

## നിത്യതയിൽ



പൗലൊസ് കെ. വി. കോടിയാട്ടിൽ (65), നിത്യതയിൽ പ്രവേശിച്ചു. പാസ്റ്റർ റെജി ചെറിയാന്റെ ഭാര്യ പിതാവ് ആയിരുന്നു. വടക്കാഞ്ചേരി സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ജോസ് വർഗീസ് സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ദുഖാർത്തരായ കുടുംബാംഗക്കായി പ്രാർഥിക്കുക.

കവിത

## തിരുവചനം



പ്രയ്സി മാത്യു
പാലത്തുങ്കൽ

ദൈവശ്വാസീയമാം തിരുവചനം
ദൈവ പൈതലിൻ മാർഗ്ഗപ്രകാശം
ആലിംഗനം ചെയ്തുകൊൾകതിനെയെങ്കിൽ
മാനിച്ചിടും ജീവൻ പ്രാപിച്ചിടും

ഉന്നതനാം പരനേഴയാം ദാസരോട-
രുളുവാനുള്ള തിരുമൊഴികൾ
ആത്മാവിനാൽ ചേർത്തു കൂട്ടിയിണക്കി
തൻ ശിഷ്യന്മാർ പാരിൽ പ്രകാശിതമായ്

ദൈവവിധികൾ തൻ ചട്ടങ്ങളും ക്രിസ്തു
മാർഗ്ഗവും ശ്രേഷ്ഠവാഗ്ദത്തങ്ങളും
ശിഷ്യത്വപാഠങ്ങൾ സത്യോപദേശങ്ങൾ
ലഭ്യമാം വിജ്ഞാന കോശമതിൽ

ശാസിക്കുവാനും ഗുണപ്പെടുത്തുവാനും
ഉപദേശിച്ചഭ്യസിപ്പിച്ചിടാനും
ഹൃത്തിലേക്കാഴ്ന്നു വിവേചിച്ചറിയാനും
തക്കവിധം മൂർച്ചയേറും ഖഡ്ഗം

ഏകമനുഷ്യൻ തൻ ലംഘനത്താൽ
വന്ന വിപത്തിനെ നീക്കിടുവാൻ
ക്രിസ്തു തുറന്നതാം രക്ഷണ്യമാർഗ്ഗം
വിളിച്ചോതും കാഹളമാണീ ഗ്രന്ഥം

പാപിയെ ശുദ്ധിയിലേക്കു നയിക്കുവാൻ
പൈശാചികടിമത്തം ചാമ്പലാക്കിടുവാൻ
നിത്യപ്രഭാപുരിക്കവകാശിയാക്കിടും
ഈ ജീവമന്ന ഭുജിച്ചിടുകിൽ

ധരയിൽ പ്രത്യാശയും തമസിൽ പ്രകാശവും
നിരാശിതർക്കാശ്വാസ കേന്ദ്രവുമായ്
മോക്ഷയാത്രക്കാർക്ക് ഭൂപടരേഖയും
ദിക്കറിയാത്തോർക്ക് ദീപസ്തംഭം

ആറുമറുപതും പുസ്തകത്താളിനാൽ
വീറോടെ മന്നിൽ തിളങ്ങിമീ ഗ്രന്ഥം
ആസ്വദിച്ചനുദിനം ജീവിക്കുകിൽ
പാറിച്ചീടാമിവിടെ വെന്നിക്കൊടി.




അനുഭവം

## നടത്തിയ വഴികൾ...

ഷേർളി ബേബി

എന്റെ പേര് ഷേർളി ബേബി. ഞാൻ വൈക്കം സെന്ററിലെ പൂർവ്വകാല ശുശ്രൂഷകന്റെ ഭാര്യയാണ്. കർത്താവ് ഞങ്ങളുടെ ജീവിതത്തിൽ ചെയ്ത ചില വൻകാര്യങ്ങളെ നിങ്ങളുടെ മുമ്പിൽ തുറക്കുവാൻ കർത്താവിൽ ശരണപ്പെടുന്നു.

സാമുദായിക കുടുംബത്തിൽ ജനിച്ച് വളർന്ന ഞാൻ 1992-ലാണ് രക്ഷയുടെ അനുഭവത്തിലേക്ക് വരുന്നത്. വളരെ പ്രതികൂലങ്ങളെ അതിജീവിച്ച് നൂ ഇന്ത്യാ ബൈബിൾ കോളേജിലും ആന്ധ്രയിലെ സി. ഒ. റ്റി. ആർ ബൈബിൾ കേളജിലും വചനം അഭ്യസിക്കുവാൻ ദൈവം സഹായിച്ചു. ഒന്നര വർഷക്കാലം ചത്തീസ്ഖണ്ഡിലും ദൈവവചനം പ്രചരിപ്പിക്കുവാൻ ഇടയായി. തുടർന്ന് 2000-ൽ പാസ്റ്റർ ഐ. ജെ. ബേബിയുടെ സഹധർമ്മിണിയായി തീരുവാൻ ഇടയായി. ദൈവദാസനോടൊപ്പം വൈക്കം സെന്ററിൽ കൈപ്പുഴമുട്ട് സ്ഥലത്ത് പുതിയപ്രവർത്തനം ആരംഭിച്ചു. ഈ കാലയളവിൽ ദൈവം ഞങ്ങൾക്ക് രണ്ട് കുഞ്ഞുങ്ങളെ ദാനമായി തന്നു. മൂത്തവൾ അന്ന സ്ലെഷർ ബേബിയും ഇളയവൻ ബെസലേൽ ഐ. ബേബിയും. അവിടെ പ്രവർത്തിച്ചു വരവേ 2005-ൽ ദൈവദാസൻ തന്റെ ശുശ്രൂഷ നിറവേറ്റി കർത്താവിനോട് ചേർക്കപ്പെട്ടു.



തുടർന്ന് ഞങ്ങളുടെ ജീവിതം പലരുടെയും മുമ്പിൽ ചോദ്യചിഹ്നമായി നിലനിന്നു. പലരും പല നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പറഞ്ഞുവെങ്കിലും വലിയവനായ ദൈവം അത്ഭുതം പ്രവർത്തിച്ച് ഞങ്ങൾക്ക് സ്വന്തമായി താമസിക്കുവാൻ ഒരു നല്ല ഭവനം ഇല്ലാതിരുന്ന സ്ഥാനത്ത് ഷാർജ ഐ.പി.സി സഭയെ അതിനായി ഉപയോഗിച്ച്. അതിനു ശേഷം ഒന്നര വർഷക്കാലം നാട്ടിലെ സഭയോടുള്ള ബന്ധത്തിൽ കഴിയുകയും ദൈവത്തോടു നിരന്തരമുള്ള തന്റെ നടത്തിപ്പിനായി പ്രാർത്ഥിച്ചു വന്നു. അനേക ദൈവമക്കളും ദൈവദാസന്മാരും ഞങ്ങളെ സഹായിച്ചു.

എന്നാൽ ജീവിതത്തിൽ പുതിയ ഒരു വഴിതിരവു ദൈവം നൽകി രണ്ട് വർഷക്കാലം ഗോവയിലും രണ്ട് വർഷക്കാലം ആന്ധ്രയിലെ കടപ്പയിലും വർക്ക് ചെയ്യുവാൻ ദൈവം ഇടയാക്കി. അതിനു ശേഷമായി സി.ഒ.ആർ. കോളേജ് ഓഫ് മിനിസ്ട്രിയിൽ പ്രവർത്തിക്കുവാൻ ദൈവം ഇടയാക്കി. ആദ്യത്തെ മൂന്ന് വർഷക്കാലം സ്ക്കൂൾ ടീച്ചറായി ജോലി ചെയ്തു. എന്നാൽ വലിയവനായ ദൈവം വീണ്ടും അത്ഭുതകരമായ ഉയർച്ച തന്നു. ഈ സ്ഥാപനത്തിലെ പ്രധാന ഓഫീസിലേക്ക് സ്ഥാനക്കയറ്റം തന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലമായി ആ സ്ഥാനത്ത് വലിയവനായ ദൈവം ഉപയോഗിച്ചു കൊണ്ടിരിക്കുന്നു.

കുഞ്ഞുങ്ങൾ ഉന്നത നിലയിലുള്ള വിദ്യാഭ്യാസം ലഭിക്കുവാൻ ഇടയായി. ഇപ്പോൾ മൂത്തവൾ പത്ത് കഴിഞ്ഞ് ഇളയവൾ ഏഴാം ക്ലാസ്സിൽ പ്രവേശിച്ചു. കഷ്ടതയിലൂടെയാണങ്കിലും ദൈവത്തിന്റെ പദ്ധതിയിൽ അനുഗ്രഹങ്ങളെ ഞങ്ങൾ അനുഭവിക്കുന്നു. അതുകൊണ്ടു പ്രിയ ദൈവജനമേ ദൈവവചനത്തിൽ അടിയുറച്ച് വിശ്വസിക്കുവാൻ വാഗ്ദത്ത നിവർത്തിക്കായി തന്റെ പാദപീഠത്തിൽ സമർപ്പിക്കുകയും ചെയ്തു നിത്യതയ്ക്കായി ഒരുങ്ങി നാൾതോറും വിളിച്ചവന്റെ വിശ്വസ്ത സാക്ഷിയായി മുന്നേറുവാൻ ഈ സാക്ഷ്യത്തിലൂടെ ഓരോരുത്തരെയും ആഹ്വാനം ചെയ്യുന്നു. ഞങ്ങൾക്കായി പ്രാർഥിക്കുവാൻ അപേക്ഷിക്കുന്നു.



**2005-ൽ ദൈവദാസൻ തന്റെ ശുശ്രൂഷ നിറവേറ്റി കർത്താവിനോട് ചേർക്കപ്പെട്ടു. തുടർന്ന് ഞങ്ങളുടെ ജീവിതം പലരുടെയും മുമ്പിൽ ചോദ്യചിഹ്നമായി നിലനിന്നു.**

NIRBHAYA
JUNE/JULY 2017

Address
IPC Vaikom Admin Office
Kaduthuruthy P.O., Pin - 686604

Call & Email
+91 8547906689
nirbhayavaikomipc@gmail.com

**ദൈവത്തെ ഭയപ്പെടുവാൻ മാതാപിതാക്കൾ പഠിക്കുകയും മക്കളെ പഠിപ്പിക്കുകയും ചെയ്യണമെന്നത് ദൈവിക കല്പനയാകുന്നു**



സന്തോഷ് ജോസഫ്

# വരളുന്ന ബന്ധങ്ങളും വിളയുന്ന വേദനയും

ആനുകാലിക ദൃശ്യശ്രാവ്യ മാധ്യമങ്ങളിലെ വാർത്തകൾ, ചർച്ചകൾ, പഠനങ്ങൾ എന്നിവയിലൂടെ മനസ്സിലാകുന്നത്, സംസ്കൃതിയിലും വിദ്യാധനത്തിലും ഊറ്റംകൊള്ളുന്ന മലയാളിയുടെ കുടുംബബന്ധങ്ങളിൽ തകർച്ചയും അകൽച്ചയും അനുനിമിഷം കൂടിവരുന്നു എന്ന യാഥാർത്ഥ്യമാണ്. ക്രിസ്തിയേതര കുടുംബങ്ങൾ മാത്രമല്ല, ക്രിസ്തീയ കുടുംബങ്ങളും നീറിപ്പുകയുന്ന നിരവധി പ്രശ്നങ്ങളാൽ സങ്കീർണ്ണമായിരുന്നു.

ദൈവത്തിന്റെ സ്വന്തം നാട്ടിൽ പ്രതിദിനം ഉയർന്നു വരുന്ന ആത്മഹത്യാനിരക്കും, വിവാഹമോചനക്കേസുകളുടെ എണ്ണവും അഭിമാനമുഖം മൂടിക്കുള്ളിൽ ഒളിച്ചിരിക്കുന്ന മലയാളിയുടെ ജീർണ്ണിച്ചളിഞ്ഞ കുടുംബശിഥിലതയെ പുറത്തുകൊണ്ടു വരുന്നു. മദ്യസേവ മൂലം തകരുന്ന കുടുംബങ്ങൾ കണ്ണീർത്തടാകത്തിൽ ഒരിറ്റുശ്വാസം ലഭിക്കാതെ മുങ്ങിത്താഴുന്നു. ചോരയും നീരുമൊഴുക്കി ഊട്ടി വളർത്തപ്പെട്ട മക്കൾ മാതാപിതാക്കളുടെ ഘാതകരായി മാറുന്നു. സ്വന്തം പിതാവിനാൽ കന്യാകത്വം നഷ്ടമാകുകയും പീഡനമേൽക്കുകയും ചെയ്യുന്ന പെൺകുരുന്നുകൾ പുറത്തു പറയാനാവാത്ത ഭാരവും പേറി നടക്കുന്നു. വൃദ്ധമാതാപിതാക്കളെ വൃദ്ധസദനത്തിന്റെ ഏകാന്ത തടവറയ്ക്കുള്ളിൽ പൂട്ടിയിട്ട് റിയാലിറ്റിഷോ കണ്ടു രസിക്കുന്ന വീട്ടമ്മമാർ. സ്ത്രീധന പ്രശ്നങ്ങളും മരുമക്കൾ- അമ്മായിയമ്മ പോരും ഒരിക്കലും തീരാത്ത നിശബ്ദയുദ്ധമായി അടുക്കളയിൽ അരങ്ങേറി കൊണ്ടിരിക്കുന്നു.

ഒരു ഗർഭപാത്രത്തിലുരുവായി ഒന്നിച്ചുണ്ടും ഉറങ്ങിയും വളർന്ന സഹോദരിസഹോദരന്മാർ സ്വത്തു വസ്തു വിഭജന തർക്കത്തിൽ തമ്മിലടിക്കുകയും കൊല്ലുകയും കേസുകളിക്കുകയും ചെയ്യുന്നു. ഭാര്യഭർത്തൃ ബന്ധങ്ങളിലെ അവിശ്വസ്തയും, വിവാഹപൂർവ്വ ലൈംഗീക ബന്ധങ്ങളും സ്വവർഗ്ഗരതിയും, ബഹു ഭാര്യത്വവും പുനർവിവാഹവും വർദ്ധിച്ചിരിക്കുന്നു. പ്രേമ ചതിക്കുഴികളിലകപ്പെട്ട് പെൺവാണിഭ സംഘങ്ങളിലെത്തപ്പെടുന്ന പെൺകുട്ടികളും, പത്തു രൂപയ്ക്കു വരെ കത്തിയെടുത്തു കുത്തുന്ന കൊട്ടേഷൻ സംഘങ്ങളിലെ ഇരുപതു തികയാത്ത ആൺകുട്ടികളും കുടുംബശിഥിലതയിൽ ജന്മം കൊണ്ടവരല്ലേ? പ്രതീക്ഷകൾക്കൊത്തുയരാത്ത അനുസരണം കെട്ട മക്കളും, മൽസരിച്ചു മാത്രം വളർന്ന് മനുഷ്യത്വം നഷ്ടപ്പെട്ട നവ തലമുറയും കുടുംബസമാധാനം നഷ്ടപ്പെടുത്തുന്ന തീവ്രവാദികളാകുന്നു. പഠനത്തിനും ജോലിക്കും അന്യസംസ്ഥാനങ്ങളിലും രാജ്യങ്ങളിലും ചേക്കേറുന്ന യുവതിയുവാക്കൾ അധാർമ്മികതയുടെ ശവപ്പറമ്പിൽ ഉന്മാദനൃത്തമാടി മടങ്ങിവരുമ്പോൾ, അവരുടെ ഭാവിവധൂവരന്മാരും മാതാപിതാക്കളും കുടുംബ ഭദ്രതയെ ഭാവിയിൽ സ്വപ്നം കാണുന്നുണ്ടോ?

രക്തബന്ധം കൊണ്ട് ഒരു വീട്ടിൽ ഒന്നിച്ചു കഴിയുകയും ഹൃദയംകൊണ്ട് അന്യരായി അന്തിയുറങ്ങുകയും ചെയ്യുന്ന സത്രങ്ങളായി കുടുംബങ്ങൾ മാറ്റപ്പെടുന്നു. യാന്ത്രികമായ ബിസി ഷെഡ്യൂളും വർദ്ധിച്ചു വരുന്ന ജോലിഭാരവും, പരസ്പരം പങ്കിടാനും പങ്കുകൊള്ളാനുമുള്ള സമയം കാർന്നു തിന്നുന്നു. പണം വാരിക്കൂട്ടുവാനുള്ള വ്യഗ്രതയിലും. ആഡംബര ഭ്രമത്തിലും, അയൽക്കാരുടെ മുമ്പിലും ജോലി സ്ഥലത്തും ആത്മാഭിമാനം കാത്തു സൂക്ഷിക്കുവാനുള്ള സംഘർഷത്തിലും. സ്വന്തം കുടുംബബന്ധങ്ങളിലെ താളപിഴകളെയും പോരായ്മകളെയും പരിഹരിച്ച് മുന്നോട്ട് പോകുവാൻ അധികം പേരും മറക്കുന്നു.

ആദിമ കുടുംബമായ ആദാമ്യ കുടുംബത്തിലും തകർച്ച ഉണ്ടായി. ഏക സഹോദരനെ ചതിച്ചു കൊല്ലുക എന്ന നീചകർമ്മം ചെയ്യുവാൻ ആദ്യജാതനായ കയീനെ പ്രേരിപ്പിച്ചത് ദൈവവുമായുള്ള ബന്ധത്തിലെ വിള്ളൽ ആയിരുന്നു. കുടുംബശിഥിലതയുടെ അടിസ്ഥാന കാരണം പാപമാകുന്നു. ദൈവവുമായുള്ള യഥാർത്ഥബന്ധത്തിൽ പാപത്തിന്റെ പർവ്വതനിരകൾ ഉയർന്നുവരുമ്പോൾ ആണ് സ്വന്ത രക്തത്തിലുള്ളവരെ തിരിച്ചറിയുവാൻ കഴിയാതെ വരുന്നതും കുടുംബങ്ങൾ ശിഥിലമാകുന്നതും.

കുടുംബം ദൈവസ്ഥാപിതമാണ്. മനുഷ്യനാണ് ഏറ്റവും ഉത്കൃഷ്ടമായ സൃഷ്ടിയെന്നു കണ്ട മനുഷ്യന്റെ പരിപൂർണ്ണതയ്ക്കും, സ്നേഹവും സാഹോദര്യവും നിലനില്ക്കുന്നതിനു വേണ്ടിയും ദൈവം ഒരുക്കിയ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അടിസ്ഥാനഘടകമായിരുന്നു കുടുംബം. അച്ചൻ, അമ്മ, മകൻ, മകൾ, പെങ്ങൾ, ആങ്ങള, അനുജൻ, അനുജത്തി, മരുകൾ, മരുകൾ തുടങ്ങിയ ബന്ധങ്ങൾ ദൈവം കുടുംബത്തിൽ സ്ഥാപിച്ചത്, ഇവർ അന്യോന്യം തല്ലാനോ കൊല്ലാനോ പിണങ്ങിപ്പിരിയാനോ അല്ല, മറിച്ച് പരസ്പര സഹവർത്തിത്വത്തിലൂടെ ദൈവ നാമം മഹത്വപ്പെടുത്തുവാനാണ്.

ദൈവത്തിന്റെ മനുഷ്യനോടുള്ള ബന്ധത്തെ ദൈവം ബൈബിളിലൂടെ ചിത്രീകരിക്കുന്നത് പിതാവ് എന്ന സ്ങ്കല്പത്തിലൂടെയാണ്. കുടുംബത്തിന്റെ പരിപാവനതയും ശ്രേഷ്ഠതയും അംഗീകരിക്കുന്നതുകൊണ്ട് പിതാവ് എന്നറിയപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു. ഒന്നിലധികം വ്യക്തികളുടെ സമന്വയമായ കുടുംബത്തിൽ, ക്ഷമയുടേയും സഹനത്തിന്റെയും ശക്തിയാർജ്ജിച്ച്, സ്വാർത്ഥതയുടെയും അസൂയയുടെയും കെട്ടുകൾ പൊട്ടിച്ചെറിയുന്നതിലൂടെ, ദൈവത്തിന്റെ അനശ്വര സ്വപ്നമായ സന്തോഷമുള്ള കുടുംബങ്ങൾ നിർമ്മിക്കുവാൻ ദൈവസ്നേഹത്തിലധിഷ്ഠിതമായ ജീവിത ശൈലിയിലേക്ക് കുടുംബാംഗങ്ങൾ പുനരധിവാസം ചെയ്യണം. ക്രിസ്ത്രീയ കുടുംബങ്ങൾ സമൂഹത്തിൽ മാതൃകാ കുടുംബങ്ങൾ ആയി മാറണം. അതിലൂടെ ദൈവസ്നേഹം, ക്രിസ്തിയേതര കുടുംബങ്ങളിൽ പരക്കാൻ ഇടയാകും.

ദൈവത്തെ ഭയപ്പെടുവാൻ മാതാപിതാക്കൾ പഠിക്കുകയും, മക്കളെ പഠിപ്പിക്കുകയും ചെയ്യണമെന്നത് ദൈവിക കല്പനയാകുന്നു (ആവ. 4:9-10). ദൈവിക കല്പനകളെ പ്രമാണിച്ചു നടക്കുമ്പോൾ മാത്രമെ കുടുംബം നന്നായിരിക്കുകയുള്ളൂ (ആവ. 12:28). ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും എന്നു പറയുവാൻ ധൈര്യപ്പെടുന്ന യഹോവഭക്തനായ ഒരു വ്യക്തിയ്ക്കു കുടുംബശിഥിലതയെ ഭയപ്പെടേണ്ട കാര്യമില്ല. തകർന്നുകൊണ്ടിരിക്കുന്ന ആധുനിക കുടുംബത്തിന്റെ അവസ്ഥയ്ക്ക് ഭേദം വരുവാൻ കഴിയണമെങ്കിൽ കർത്തവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും (അപ്പൊ. 16:31) ദൈവിക കല്പനകൾ പ്രമാണിക്കുകയും ചെയ്യണം.

# പുതിയ ഭാരവാഹികൾ







ഐപിസി വൈക്കം സെന്ററിന്റെ സെന്റർ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ രാജു ആനിക്കാട്, വൈസ് പ്രസിഡന്റ് എം.പി ജെയിംസ്, സെക്രട്ടറി പാസ്റ്റർ റെജി ചെറിയാൻ, ജോയിന്റ് സെക്രട്ടറി ബ്രദർ ജെ. ദാനിയേൽ, ട്രഷറാർ ബ്രദർ കെ.കെ ശശീന്ദ്രൻ എന്നിവരടങ്ങിയ 21 അംഗ ഭരണസമിതി നിലവിൽ വന്നു.

## ആശംസ

# സ്ത്രീശാക്തീകരണത്തിന് നിർഭയമായി 'നിർഭയ'

വജ്രജൂബിലിആഘോഷത്തിന്റെ തികവിലും മികവിലും ആയിരിക്കുന്ന ഐ.പി.സി.വൈക്കം സെന്റർ പുത്രികാ സംഘടനയായ സേദരിസമാജത്തിന് ഒരു വാർത്താ പത്രിക പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിന് ദൈവത്തിനു മഹത്വം. സ്ത്രീശാക്തീകരണം ഒരു സാമൂഹിക അജണ്ടയായി സമൂഹം അംഗീകരിച്ചിരിക്കുന്ന ഈ കാലയളവിൽ പ്രസിദ്ധീകരണത്തിന് 'നിർഭയ'' എന്ന പേര് ഏറ്റവും ഉചിതം തന്നെ. കേവലം വാണിജ്യ താല്പര്യത്തോടെ പ്രസിദ്ധീകരിക്കുന്ന ഒന്നല്ല ക്രിസ്തീയ പ്രസിദ്ധീകരണം. സുവാർത്ത-സ്വർഗ്ഗീയവാർത്ത-നല്കുന്ന ഒന്നാകട്ടെ 'നിർഭയ'' എന്നാശംസിക്കുന്നു. സുവിശേഷീകരണം, ഉപദേശ അദ്ധ്യാപനം, പ്രചോദനാത്മകമായ ആത്മിക ആശയങ്ങളുടെ വിന്യാസം, ആത്മിക ജീവിതത്തിന്റെ സംപുഷ്ടീകരണം ഇതെല്ലാം കോർത്തിണക്കിയ പ്രസിദ്ധീകരണം വായനക്കാർ പ്രതീക്ഷിക്കുന്നു. ക്രിസ്തീയ പ്രമേയങ്ങളടങ്ങിയ കവിതകളും, കഥകളും, ലേഖനങ്ങളും കൊണ്ട് ഈടുറ്റതാകട്ടെ. സത്യസന്ധതയും വ്യക്തതയുമുള്ള സന്ദേശങ്ങൾ വായനക്കാരിൽ പരിവർത്തനത്തിന്റെ കൊടുങ്കാറ്റടിക്കുവാൻ കാരണമാകും. എല്ലാ ഭാവുകങ്ങളും 'നിർഭയ'യ്ക്കു നേരുന്നു. ഈ പ്രസിദ്ധീകരണത്തിന്റെ എല്ലാ പ്രവർത്തകരേയും ദൈവം അനുഗ്രഹിക്കട്ടെ. ആത്മധൈര്യത്തോടെ മുന്നേറുവാൻ നിർഭയയെ സർവ്വശക്തനായ ദൈവം സഹായിക്കട്ടെ.

**(സിസ്റ്റർ അമ്മിണി ദേവസ്യ,**

**ഐ.പി.സി.കോട്ടയം സോണൽ സോദരി സമാജം സെക്രട്ടറി.)**

# ക്രൈസ്തവ സംവാദവേദി ദുരുപദേശ ഖണ്ഡന സെമിനാർ




വൈക്കം: പെന്തക്കോസ്തുപദേശങ്ങളെ അസ്ഥിരപ്പെടുത്തുന്നതിനായി ആഭ്യന്തര, ബാഹ്യശക്തികൾ ദുരുപദേശങ്ങൾ ഉയർത്തിവിട്ട് വിശ്വാസികളെ ചിന്താക്കുഴപ്പത്തിലാക്കുന്നതിനെതിരെ വേദപണ്ഡിതന്മാരും എഴുത്തുകാരും കൈകോർക്കുന്നു. ക്രൈസ്തവ സംവാദവേദിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 1 ന് ശനിയാഴ്ച ഉച്ചയ്ക്ക് 2 മുതൽ 5 വരെ കടുത്തുരുത്തി ആപ്പാംചിറ ഐപിസി ഹാളിൽ വെച്ച് ദുരുപദേശ ഖണ്ഡന സെമിനാർ സംഘടിപ്പിക്കുന്നു. പെന്തക്കോസ്തിന്റെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ, നുഴഞ്ഞുകയറുന്ന ദുരുപദേശങ്ങൾ, ദുഷ്പ്രചരണങ്ങൾ എന്നിവയെക്കുറിച്ച് ദൈവജനത്തെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന സെമിനാറഇൽ മാത്യു പാലത്തുങ്കൽ, അനിൽ കൊടിത്തോട്ടം, രാജു ആനിക്കാട് തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചകൾ നയിക്കുകയും ചെയ്യും. പഴയ നിയമത്തിന്റെ ദൈവശ്വാസീയത, ത്രിത്വ വിശ്വാസം, പരിശുദ്ധാത്മാവ് എ്നിവയ്ക്കെതിരായി ഉയരുന്ന വചനവിരുദ്ധ നിലപാടുകൾക്കെതിരെ തിരുവചനാടിസ്ഥാനത്തിലുള്ള ആധികാരിക പഠന സെമിനാറായിരിക്കും ഇത്.

ക്രൈസ്തവ സംവാദ വേദി കേരളത്തിലുടനീളം ഇത്തരം ദുരുപദേശ ഖണ്ഡന സെമിനാറുകൾ നടത്താനുദ്ദേശിക്കുന്നു.


കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9446187207, 9495238069

# ആംബുലൻസ് സേവനം




കടുത്തുരുത്തി: ഐപിസി വൈക്കം സെന്ററിന്റെ സാമൂഹ്യസേവന പ്രവർത്തനത്തിന്റെ ഭാഗമായി ആരംഭിച്ച ആംബുലൻസ് സർവ്വീസ് നിർധനർക്കും രോഗികൾക്കും വേണ്ടി കുറഞ്ഞ ചിലവിൽ 24 മണിക്കൂറും സേവനം നൽകുന്നു. സഭാവ്യത്യാസമില്ലാതെ സമൂഹത്തിലെ എല്ലാ ആളുകൾക്കും വേണ്ടി ഈ ആംബുലൻസ് സർവ്വീസ് നൽകുന്നു.
സേവനങ്ങൾ ലഭ്യമാകുവാൻ ബന്ധപ്പെടുക: 8330874157, 8608631998

# നിയമിതനായി



ഇവാഞ്ചലിസം ബോർഡ് കൺവീനറായി പാസ്റ്റർ മാർട്ടിൻ വർഗ്ഗീസ് നിയമിതനായി. തൽസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന പാസ്റ്റർ റെജി ചെറിയാൻ സെന്റർ സെക്രട്ടറി ആയ ഒഴിവിലേക്കാണ് ഈ നിയമനം.

**വായിക്കുക**
**വരിക്കാരാകുക**

*Printed & Published by Raju Anicadu, on behalf of IPC Vaikom Center Sodari Samajam, Managing Editor - Omana Raju*